മിസ്റ്റർ വി. കെ. അരവിന്ദാക്ഷമേനോൻ : ഇല്ല.

മിസ്റ്റർ സി. വി. ഇയ്യു: ബോട്ടിൽ ശുദ്ധജലം വെക്കേണ്ട കാര്യത്തിൽ പ്രത്യേകം ശ്രദ്ധിക്കുമോ ?

മിസ്റ്റർ വി. കെ. അരവിന്ദാക്ഷമേനോൻ : ഏർപ്പാടുചെയ്യാം.

മിസ്റ്റർ ഇസ്മായിൽ ഹാജി ഇബ്രാഹിംസേട്ട് : കോട്ടപ്പുറത്തു് എത്തുന്നതിനു വെച്ചിട്ടുള്ള സമയം 8 മണിക്കൂർ എന്നതു കുറച്ചു് 12 മണിക്കൂർ ആക്കുവാൻ വിരോധമുണ്ടോ ?

മിസ്റ്റർ വി. കെ. അരവിന്ദാക്ഷമേനോൻ : ഡിപ്പാർട്ടുമെണ്ടിൽ നിന്നും ചെയ്യുവാൻ വിരോധമില്ല. അങ്ങിനെ നോക്കിയാൽ ശക്തി കുറഞ്ഞ ബോട്ടുകൾക്കു് ഓടാൻ സാധിക്കയില്ല. പലരിൽ നിന്നും ആക്ഷേപം വരാനിടയുണ്ടു്.

മിസ്റ്റർ ഇസ്മായിൽ ഹാജി ഇബ്രാഹിംസേട്ട് : എന്താക്ഷേപമാണു് അവരിൽ നിന്നു വരുന്നതു്?

മിസ്റ്റർ വി. കെ. അരവിന്ദാക്ഷമേനോൻ : പണം ചിലവാക്കി ബോട്ടുകളുണ്ടാക്കിട്ടുള്ളവർക്കു് അതു ഓടിക്കാൻ സാധിക്കാതെ വന്നാൽ അവരുടെ ആക്ഷേപം ഉണ്ടാകാം.

മിസ്റ്റർ ഇസ്മായിൽ ഹാജി ഇബ്രാഹിംസേട്ട് : കൂടുതൽവേഗത്തിൽ എത്തുന്നതിനോ ആക്ഷേപം, അതോ താമസിച്ചെത്തുന്നതിനോ ആക്ഷേപം ?

മിസ്റ്റർ വി. കെ. കുട്ടി : കൂടുതൽവേഗത്തിൽ പോകണമെന്നുണ്ടെങ്കിൽ ബസ്സിൽ പോകരുതോ ?

മിസ്റ്റർ വി. കെ. അരവിന്ദാക്ഷമേനോൻ : നേരിട്ടു് കോട്ടപ്പുറത്തേക്കു ബസ്സു് സർവ്വീസ്സു് ഇല്ല.

മിസ്റ്റർ കെ. എസ്സ്. പണിക്കർ : ബോട്ടവളരെ വേഗത്തിൽ ഓടിച്ചാൽ അപകടം വരുവാൻ ഇടയില്ലേ?

മിസ്റ്റർ വി. കെ. അരവിന്ദാക്ഷമേനോൻ : ബാക്കു്വാട്ടേഴ്സിൽ വേഗത്തിൽ ഓടിക്കുന്നതുകൊണ്ടു് അപകടം ഉണ്ടാകയില്ല.

മിസ്റ്റർ സി. വി. ഇയ്യു: വേഗത്തിൽപോകേണ്ട ആളുകൾ മോട്ടാർ ബോട്ടു് വാടകക്കെടുത്താൽ പോരേ ?

AKAMPADOM CHALS—WATER FROM—USE FOR IRRIGATION PURPOSES

22. മിസ്റ്റർ എൻ. വി. സുബ്ബരായൻ ചെട്ടിയാർ: താഴെ പറയുന്ന ചോദ്യങ്ങൾക്കു് ഗവർമ്മെൻറു് ദയവു മറുപടി പറയുമോ.—

(എ) എല്ലാ കൃഷികളിലും അധികരിച്ച വെള്ളം ഒഴിയുന്നതിനു് അകമ്പാടം ചാലില്ലേ;

LIBRARY ARCHIVES Kerala Legislative Assembly

(ബി) അകമ്പാടം ചാലുകളിൽ അനാവശ്യമായി ഒഴിയുന്ന വെള്ളത്തിനെ ചുവട്ട കൃഷിക്കാർക്ക് ഉപയോഗപ്രദമാവുന്നതല്ലേ;

(സി) അകമ്പാടം ചാലുകൊണ്ട് ഉപയോഗപ്പെട്ടുത്തിവരുന്ന കൃഷികൾക്ക് കനാൽ വെള്ളം കൊടുക്കേണ്ട ആവശ്യമുണ്ടോ;

(ഡി) ചുവട്ട കൃഷിക്കാരുടെ വൈരാഗ്യംകൊണ്ടോ പ്രതിഫലത്തെ ഉദ്ദേശിച്ചോ മുകൾ കൃഷിക്കാരൻ ടി അകമ്പാടം ചാലിൽ വിടാതെ അനാവശ്യമായി അകമ്പാടത്തു് ഒഴിച്ചുകളയുന്നതിനെ നിവർത്തൽ ചെയ്യുമോ;

(ഇ) അതാതു സെക്ഷനിലുള്ള മേസ്തിരിമാർ വാച്ചുമാന്മാരെക്കൊണ്ടു് ഇതുപയോഗപ്പെടുത്തിവരുന്ന വെള്ളത്തിനെ ചുവട്ട കൃഷിക്കാർക്ക് ഉപയോഗപ്രദമാക്കുവാൻ ഗവൺമെൻറ് വേണ്ടുന്ന ഏർപ്പാട് ചെയ്യുമോ;

മിസ്റ്റർ വി. കെ. അരവിന്ദാക്ഷമേനോൻ :

(എ) ഉണ്ടു്.

(ബി) അതെ.

(സി) സാധാരണയായി ഇല്ല. പക്ഷെ, വെള്ളത്തിനു ക്ഷാമം വരുമ്പോൾ അകമ്പാടം ചാലുകളിൽ വെള്ളം ഉണ്ടാകുകയില്ല. ആ സന്ദർഭങ്ങളിൽ വെള്ളം കൊടുക്കാറുണ്ടു്.

(ഡി) അങ്ങിനെ വരുന്ന ഘട്ടങ്ങളിൽ നിവർത്തൽ ചെയ്യാറുണ്ടു്.

(ഇ) അങ്ങിനെ ചെയ്യാറുണ്ടു്.

മിസ്റ്റർ എൻ. വി. സുബ്ബരായൻ ചെട്ടിയാർ : മറുപടികൊണ്ടു് തൃപ്തികരമായിട്ട് കാണുന്നുണ്ടെങ്കിലും പ്രവൃത്തികൊണ്ടു് പലപ്പോഴും അനാവശ്യമായി വെള്ളം ഒഴിച്ചുവിട്ട കാണാറുണ്ടു്. ഈ വിഷയത്തിൽ വേണ്ട അന്വേഷണം നടത്താമോ?

മിസ്റ്റർ വി. കെ. അരവിന്ദാക്ഷമേനോൻ : അന്വേഷണം നടത്താം.

KAMBALATTARA ERI—IMPROVEMENTS TO

23. മിസ്റ്റർ എൻ. വി. സുബ്ബരായൻ ചെട്ടിയാർ : താഴെ പറയുന്ന ചോദ്യങ്ങൾക്ക് ഗവൺമെൻറ് സദയം മറുപടി പറയുമോ. —

(എ) കഴിഞ്ഞ കൊല്ലത്തെ ബഡ്ജറ്റിൽ കമ്പാലത്തറ ഏരി പുഷ്ടിപ്പെടുത്തുവാൻ 10,000 ക. വക കൊള്ളിച്ചിട്ടില്ലേ;

(ബി) അതിനുള്ള എസ്റ്റിമേറ്റ് കഴിഞ്ഞുവോ;

(സി) ഈ കൊല്ലത്തിൽ ഈ പണി ആരംഭിക്കുമോ;

(ഡി) ഇല്ലെങ്കിൽ അതുടെ ഉപേക്ഷയാണു്;

(ഇ) ഈ സംഖ്യ ലാപ്സായി പോകുമോ?

മിസ്റ്റർ വി. കെ. അരവിന്ദാക്ഷമേനോൻ :

(എ) 1124-ലെ ബഡ്ജറ്റിൽ 10,000 ക. കൊള്ളിച്ചിട്ടുണ്ടു്.

LIBRARY ARCHIVES Kerala Legislative Assembly